MONDAY 13-06-2022 തിങ്കളാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : Sunilkumar R Editor : Dr Asha T T



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-13/06/2022.

1. കാർഷിക അടിസ്ഥാന സൗകര്യ മേഖലയിലേക്ക് കൂടുതൽ നിക്ഷേപം ലഭ്യമാക്കി കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനായി രൂപീകരിച്ച ധനസഹായ പദ്ധതിയായ കാർഷിക അടിസ്ഥാന സൗകര്യ വികസന നിധി (അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് - AIF) യിലേക്ക് https://agriinfra.dac.gov.in/ എന്ന ഓൺലൈൻ പോർട്ടൽ വഴിയാണ് അപേക്ഷിക്കാവുന്നതാണ്. ബെനഫിഷറി രജിസ്ട്രേഷൻ (Beneficiary registration) എന്ന ഓപ്ഷനിൽ ക്ലിക്ക് ചെയ്തതിനു ശേഷം ഒറ്റിപി (OTP) നൽകി രജിസ്റ്റർ ചെയ്യുക. തുടർന്ന് ആവശ്യപ്പെടുന്ന മറ്റ് വിവരങ്ങൾ ചേർക്കുക. അപേക്ഷകൾ പരിശോധനയ്ക്ക് ശേഷം വിലയിരുത്തുന്നതിനായി ബാങ്ക് ശാഖയിലേക്ക് മാറ്റും. ബാങ്ക് പ്രതിനിധികൾ പരിശോധിച്ചതിനുശേഷം ക്രെഡിറ്റ് ഗ്യാരണ്ടിയോടു കൂടി സി ജി റ്റി എം എസ് ഇ (Credit Guarantee Fund Trust for Micro and Small Enterprises (*CGTMSE*)) -ൽ രജിസ്റ്റർ ചെയ്ത് ഷെഡ്യൂൾ പ്രകാരം ബാങ്കുകൾ വായ്പകൾ വിതരണം ചെയ്യുന്നതാണ്. ഓരോ ഘട്ടത്തിലും വായ്പ വിവരങ്ങൾ സന്ദേശമായി രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പരിൽ അപേക്ഷകന് ലഭിക്കുന്നു. കർഷകർ, കർഷക സംഘങ്ങൾ (FPO's, FPO കൂട്ടായ്മകൾ, JLG, SHG, SHG കൂട്ടായ്മകൾ), കാർഷിക സംരംഭങ്ങൾ, മറ്റു സഹകരണ സ്ഥാപനങ്ങൾ (മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, മൾട്ടി പർപ്പസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, നാഷണൽ ഫെഡറേഷൻസ് ഓഫ് കോഓപ്പറേറ്റീവ്സ്, പ്രാഥമിക കാർഷിക സഹകരണ സംഘം), കേന്ദ്ര /സംസ്ഥാന/പ്രാദേശിക ഗവൺമെന്റുകൾ പ്രോത്സാഹിപ്പിക്കുന്ന പിപിപി പദ്ധതികളുടെ ഏജൻസികൾ, കയറ്റുമതി സംഘങ്ങൾ തുടങ്ങിയവർക്ക് ഈ ധനസഹായ പദ്ധതിയിലേക്ക് അപേക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **916235277042 (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം) , 917010994083 (ഇടുക്കി, എറണാകുളം), 918075480273 (തൃശൂർ, പാലക്കാട്, മലപ്പുറം), 918921785327 (വയനാട്, കോഴിക്കോട്), 918547565214 (കണ്ണൂർ, കാസർകോഡ്)** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

2. കൃഷി വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം ആനയറ വേൾഡ് മാർക്കറ്റിനുള്ളിലെ കൃഷി ബിസിനസ് കേന്ദ്രയിൽ കുറ്റ്യാടി, മലയൻ ഗ്രീൻ എന്നീ ഇനത്തിൽപ്പെട്ട തെങ്ങിൻ തൈകൾ 100 രൂപ നിരക്കിൽ വിൽപനയ്ക്കായി തയ്യാറായതായി കൃഷി ബിസിനസ് കേന്ദ്ര മാനേജർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് **8281635530** എന്ന നമ്പരിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

3. ഞങ്ങളും കൃഷിയിലേക്ക് 'എന്ന പദ്ധതിയുടെ ഭാഗമായി 'പഴം - പച്ചക്കറി സംസ്കരണം' എന്ന വിഷയത്തിൽ ഒരു ഏകദിന പരിശീലന പരിപാടി **29.6.2022** ന് തിരുവനന്തപുരം വെള്ളായണി , കാർഷിക കോളജിലെ പോസ്റ്റ് ഹാർവെസ്റ്റ് ടെക്നോളജി വിഭാഗത്തിൽ വച്ച് നടത്തുന്നു. 500/- രൂപയാണ് ഫീസ്. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് പരമാവധി 30 പേർക്കാണ് പ്രവേശനം നൽകുന്നത്. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ എത്രയും വേഗം **9447281300** എന്ന നമ്പറിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

4. റബ്ബർകൃഷിയിൽ റബ്ബർബോർഡ് ഓൺലൈൻ പരിശീലനം നൽകുന്നു. നൂതനനടീൽവസ്തുക്കൾ, നടീൽരീതികൾ, നടീൽവസ്തുക്കളുടെ നിർമാണം, തോട്ടംപരിപാലനം, ടാപ്പിങ്, റബ്ബർപാൽസംസ്കരണം എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ത്രിദിനപരിശീലനം ജൂൺ 13 മുതൽ 15 വരെയുള്ള തീയതികളിൽ കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വെച്ച് നടത്തും. കൂടുതൽ വിവരങ്ങൾക്ക് 04812353127 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടേണ്ടതാണ്.

5. ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കേരള കാർഷിക സർവ്വകലാശാലയിലെ വിജ്ഞാനവ്യാപന വിഭാഗത്തിന് കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തി ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി 'പ്രകൃതിയുമായൊരു സെൽഫി മത്സരം സംഘടിപ്പിക്കുന്നു. മാനദണ്ഡങ്ങൾക്കും വിശദവിവരങ്ങൾക്കും - facebook.com/cckaumannuthy എന്ന ഫേസ്ബുക്ക് പേജ് സന്ദർശിക്കുകയോ **9447632937, 8086523003** എന്നീ നമ്പറുകളിൽ ബന്ധപ്പെടുകയോ ചെയ്യുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## കാർഷിക നിർദ്ദേശങ്ങൾ

6. അന്തരീക്ഷ ആർദ്രത കൂടുന്നതുമൂലം കുരുമുളകിൽ ദ്രുതവാട്ട രോഗം കാണാനിടയുണ്ട്. രണ്ട് കിലോ ട്രൈക്കോഡർമ്മ, 90 കിലോ ചാണകപ്പൊടിയും 10 കിലോ വേപ്പിൻ പിണ്ണാക്കുമായി കൂട്ടിക്കലർത്തി ആവശ്യത്തിന് ഈർപ്പം നിലനിൽക്കത്തക്കവണ്ണം രണ്ടാഴ്ചത്തേക്ക് വയ്ക്കുക. ഈ മിശ്രിതത്തിൽ നിന്ന് 2.5 കിലോ വീതം ഓരോ കുരുമുളക് ചെടിക്ക് ചുവട്ടിലും ഇട്ടു കൊടുക്കുക.

7. മഴക്കാലത്ത് ജാതിയിൽ ഇലകൊഴിച്ചിൽ വരാതിരിക്കാനുള്ള മുൻകരുതലായി ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രിതം കലക്കി തളിച്ചു കൊടുക്കാവുന്നതാണ്. മഴയില്ലാത്ത സമയത്തു മാത്രം കീടനാശിനി പ്രയോഗം നടത്തുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം